ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

25 (*415) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ചെമ്മീൻ കർഷകർക്ക് സൗജന്യ നിരക്കിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിദേശസഹായം ലഭിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എവിടെ നിന്നുമാണ് ധനസഹായം ലഭിക്കുന്നതെന്നും ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഇ) ചെമ്മീൻ കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ധനസഹായം നൽകുന്നതിന് ഫിഷറീസ് വകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ജി) ചെമ്മീൻ കർഷകർക്ക് വിദഗ്ദ്ധ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് ശാസ്ത്രീയ ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. ആറ് ഓരുജല മത്സ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിച്ചു വരുന്നു.
2. എറണാകുളം ജില്ലയിലെ പൊക്കാളിപ്പാടങ്ങളിൽ ശാസ്ത്രീയ ചെമ്മീൻകൃഷി വികസിപ്പിക്കുന്നതിന് ജലകൃഷി വികസന ഏജൻസിയുടെ (ഗഡാക്ക്) നേതൃത്വത്തിൽ പൊക്കാളി കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.
3. ജനകീയ മത്സ്യകൃഷി പദ്ധതിയുടെ രണ്ടാം ഘട്ടമായി ചെമ്മീൻകൃഷി പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.
4. ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ചെമ്മീൻ വിത്തുല്പാദിപ്പിച്ചു നല്കുന്നതിന് ഫിഷറീസ് വകുപ്പിന്റെയും മത്സ്യഫെഡിന്റെയും ജി.എഫ്.എഫ്.ഡി.എ. (കൊല്ലം)യുടെയും നേതൃത്വത്തിൽ ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് വിത്തുല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം ചെമ്മീൻ കർഷകർക്ക് സൗജന്യനിരക്കിൽ ചെമ്മീൻകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ചെമ്മീൻ കർഷകർക്ക് ബി.എഫ്.എഫ്.ഡി.എ.കളുടെ നേതൃത്വത്തിൽ വർഷംതോറും കർഷകപരിശീലന പരിപാടികൾ സംഘടിപ്പിച്ച് വിദഗ്ദ്ധ പരിശീലനം നല്കിവരുന്നുണ്ട്.

പ്രധാന റോഡുകളിലുള്ള പഴക്കം ചെന്ന പാലങ്ങളുടെ നിർമ്മാണം

26 (*416) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന റോഡുകളിലുള്ള പഴക്കം ചെന്നതും വീതിയില്ലാത്തതുമായ പാലങ്ങൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് ഏതെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പാലങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ പുതുക്കി പണിയുന്നതിന് എന്തു തുക വേണ്ടിവരും ;

(ഡി) ഈ പാലങ്ങളുടെ പണി പൂർത്തീകരിക്കാൻ എന്നത്തേയ്ക്ക് സാധിക്കും എന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) കേരളത്തിൽ പഴക്കം ചെന്ന 157 പാലങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി&ഡി) പുതുക്കിപ്പണിയേണ്ട അവസ്ഥയിലുള്ള പാലങ്ങളുടെ സർവ്വേ നടത്തി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ജോലി റൈറ്റ്സ് എന്ന സ്ഥാപനത്തെ ഏല്പിക്കുന്നതിന് നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

സംസ്ഥാന ഹൗസിംഗ് ബോർഡിലെ കോൺട്രാക്ട് നിയമനങ്ങൾ

27 (*417) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly